## പതിമൂന്നാം കേരള നിയമസഭ
## 13-ാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2016 — 17/03/2015 ൽ മറുപടിയ്ക്ക്

### വിദ്യാർത്ഥികളിൽ പരിസ്ഥിതി അവബോധം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ. ശിവദാസൻ നായർ<br>ശ്രീ.പാലോട് രവി<br>ശ്രീ.ടി.എൻ പ്രതാപൻ<br>ശ്രീ.വർക്കല കഹാർ | തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>വനവും പരിസ്ഥിതിയും ഗതാഗതവും<br>സ്പോർട്സും സിനിമയും വകുപ്പമന്ത്രി |
| (എ) വിദ്യാർത്ഥികളിൽ പരിസ്ഥിതി അവബോധം പ്രോൽസാഹിപ്പിക്കുന്നതിന് അവാർഡ് നൽകാറുണ്ടോ; എങ്കിൽ മാനദണ്ഡം വ്യക്തമാക്കുമോ; | (എ) ഉണ്ട്. സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ ആഭിമുഖ്യത്തിൽ നടപ്പുവർഷം മുതൽ ഹരിത വിദ്യാലയ പുരസ്കാരവും ജൈവവൈവിധ്യ ബോർഡിന്റെ ആഭിമുഖ്യത്തിൽ എല്ലാ വർഷവും സംസ്ഥാന ജൈവവൈവിധ്യ അവാർഡും നൽകി വരുന്നു. ഇവയുടെ മാനദണ്ഡങ്ങൾ ഇനി പറയും പ്രകാരമാണ്. |

<u>ഹരിത വിദ്യാലയ പുരസ്കാരം</u>

1. സ്കൂൾ കാമ്പസ്സിൽ ഏർപ്പെടുത്തിയിട്ടുള്ള മാലിന്യ സംസ്കരണ പദ്ധതികൾ
    - ശുചിമുറികളിലെ മാലിന്യ സംസ്കരണം.
    - സ്കൂളുകളിലുണ്ടാകുന്ന ഖരമാലിന്യ സംസ്കരണത്തിനായി ഏർപ്പെടുത്തിയിട്ടുള്ള പദ്ധതികൾ
    - e-waste, plastic-മാലിന്യ സംസ്കരണത്തിന് ഏർപ്പെടുത്തിയിട്ടുള്ള സംവിധാന ങ്ങൾ
    - സ്കൂൾ കാമ്പസ്സിന്റെ പൊതു ശുചിത്വം.
2. സ്കൂളുകളിലെ ജലലഭ്യത
    - ജല സ്രോതസ്, ജല ഗുണനിലവാര സുരക്ഷ.
    - ശുചിമുറികളിൽ ജലത്തിനായി ഏർപ്പെടുത്തി യിട്ടുള്ള സംവിധാനങ്ങൾ
3. Eco club, Nautre club തുടങ്ങിയവയുടെ തന്നാണ്ടത്തെ പ്രവർത്തനം

    പരിസ്ഥിതി ബോധവല്ക്കരണ പരിപാടികൾ, പരിസ്ഥി പഠനയാത്ര തുടങ്ങിയവയുടെ റിപ്പോർട്ട്
4. ജലസംരക്ഷണ പരിപാടി
    - മഴവെള്ള സംഭരണ പദ്ധതി
    - പൊതുജലാശയ സംരക്ഷണ പദ്ധതി
    - ജല ഗുണനിലവാര പരിശോധനയും സുരക്ഷയും
5. സംസ്ഥാന സർക്കാരിന്റെ ശുചിത്വ മാസാചരണം
    - സ്കൂൾ തലത്തിൽ നടപ്പിലാക്കിയ പദ്ധതി

- പൊതു ശുചിത്വ പരിപാടി - പഞ്ചായത്ത്/ മുനിസിപ്പാലിറ്റി/ കോർപ്പറേഷനുമായി ബന്ധപ്പെട്ട നടപ്പിലാക്കിയ പദ്ധതി

6. ആരോഗ്യ ബോധവൽക്കരണ പരിപാടി-തന്നാണ്ടത്തെ പ്രവർത്തനം

7. ഊർജ്ജ സംരക്ഷണത്തിനായി കൈക്കൊണ്ട നടപടികൾ

8. പരിസ്ഥിതി സംരക്ഷണത്തിനായി നടത്തിയ മറ്റ് പ്രവർത്തനങ്ങൾ

9. പരിസ്ഥിതി സംരക്ഷണത്തിനായി ലഭിച്ച മറ്റ് അവാർഡുകൾ

**ജൈവ വൈവിധ്യ അവാർഡ്**

വിദ്യാർത്ഥികളിൽ പരിസ്ഥിതിബോധം ഉണ്ടാക്കുന്നതിനും പരിസ്ഥിതി പ്രവർത്തനങ്ങളിൽ അവരെ സജീവ പങ്കാളികളാക്കുന്നതിനും മുൻകൈയ്യെടുത്ത് പ്രവർത്തിക്കുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളെ (സ്കൂൾ & കോളേജ്) ആണ് ഈ അവാർഡിന് പരിഗണിക്കുക. പരിസ്ഥിതി പ്രവർത്തനങ്ങളിൽ അദ്ധ്യാപകരുടെയും വിദ്യാർത്ഥി കളുടെയും കൂട്ടായ പ്രവർത്തനം പരിഗണിക്കുമെങ്കിലും വിദ്യാർത്ഥികളുടെ പങ്കാളിത്തം എത്രത്തോളം ഉണ്ടെന്നതിനാ യിരിക്കും മുൻതൂക്കം നൽകുക. വിദ്യാഭ്യാസ സ്ഥാപനത്തിന്റെ (സ്ഥാപനം നിലനിൽക്കുന്ന) കാമ്പസിലുള്ള പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളിലെ പങ്കാളിത്തം, പരിസ്ഥിതി സംരക്ഷണ ബോധവൽക്കരണ പ്രവർത്തനങ്ങൾ എന്നിവയാണ് അവാർഡിന്റെ മുഖ്യമാനദണ്ഡങ്ങൾ.

കൂടാതെ കോളേജ് തലത്തിലും ഹയർ സെക്കന്ററി സ്കൂൾ തലത്തിലും രൂപീകൃതമായിട്ടുള്ള 251 ഭൂമിത്ര സേന ക്ലബ്ബുകളിൽ സംസ്ഥാന തലത്തിൽ മികച്ച പ്രവർത്തനം കാഴ്ച്ച വെയ്ക്കുന്നവയ്ക്ക് അതാത് സാമ്പത്തിക വർഷത്തെ പ്രവർത്തനം വിലയിരുത്തി സംസ്ഥാന പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന വകുപ്പ് അവാർഡ് നൽകി വരുന്നു.

| | |
|---|---|
| (ബി) ഇതിനായി ഫണ്ട് വകയിരുത്തിയിട്ടുണ്ടോ; കേന്ദ്ര സഹായം ലഭിക്കുന്നുണ്ടോ; വിശദാംശം നൽകുമോ ; | (ബി) ഫണ്ട് വകയിരുത്തിയിട്ടുണ്ട്. കേന്ദ്ര സഹായം ലഭിക്കുന്നില്ല. |
| (സി) എല്ലാ വിദ്യാലയങ്ങളിലും ശുദ്ധജലം, ടോയിലറ്റ് സൗകര്യം, കാര്യക്ഷമമായ മാലിന്യ നിർമ്മാർജ്ജനം എന്നിവ പരിസ്ഥിതി അവാർഡ് നിർണയത്തിൽ നിഷ്കർഷിക്കാൻ വ്യവസ്ഥ ഉണ്ടാക്കുമോ ; വിശദാംശം നൽകാമോ ? | (സി) പരാമർശിത വിഷയങ്ങൾ ഹരിതവിദ്യാലയ പുരസ്കാരത്തിനുള്ള മാനദണ്ഡങ്ങളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ